# 1. നക്ഷത്രയുദ്ധവ്യാമോഹം നീങ്ങുന്നു?

നക്ഷത്രയുദ്ധത്തെപ്പററി അമേരിക്കൻ പ്രസിഡണ്ട് റേയ്ഗൻ ആദ്യമായി പ്രസ്താവിച്ചതു് 1983 മാർച്ചിൽ നടത്തിയ ഒരു ടെലിവിഷൻ പ്രസംഗത്തിലായിരുന്നു. സോവിയററ് യൂണിയനിലെ താവളങ്ങളിൽനിന്നുയർന്നു്, ഉത്തരധ്രുവത്തിനു മേലെ പറന്നു്, അമേരിക്കയിലെ നഗരങ്ങളിൽ അണുബോംബുകൾ വീഴ്ത്താൻ കഴിവുള്ള എത്രയോ ഭൂഖണ്ഡാന്തരമിസ്സൈലുകൾ സോവിയററ് യൂണിയനിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. റഷ്യയിൽ പ്രയോഗിക്കാൻ അമേരിക്ക കരയിലും കടലിലും ആകാശത്തും സജ്ജമാക്കിനിർത്തിയിട്ടുള്ള ആററംബോംബുകൾക്കു് എതിരായാണു് തങ്ങൾ ഈ മിസ്സൈൽ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതെന്നാണു് സോവിയററ് നേതാക്കൾ പറയുന്നതു്. അതേസമയം ഈ രണ്ടു രാഷ്ട്രങ്ങൾ തമ്മിൽ ഒരു യുദ്ധമുണ്ടായാൽത്തന്നെ, ആദ്യമായി അണുആയുധങ്ങൾ പ്രയോഗിക്കുന്നതു തങ്ങളായിരിക്കുകയില്ലെന്നു് സോവിയററ് നേതാക്കൾ പലകുറി പരസ്യമായി പ്രസ്താവിച്ചിട്ടുണ്ടു്. എന്നാൽ, ആദ്യത്തെ അടി അടിക്കുന്നതിനുള്ള തങ്ങളുടെ അവകാശം ഉപേക്ഷിക്കാൻ അമേരിക്കൻ നേതാക്കൾ ഇനിയും തയ്യാറായിട്ടില്ല.

റഷ്യൻ മിസ്സൈലുകൾക്കെതിരായ പ്രതിരോധതന്ത്രമെന്ന നിലയിലാണു് അമേരിക്കൻ സൈനിക—ശാസ്ത്രജ്ഞർ നക്ഷത്രയുദ്ധ സങ്കല്പം ആവിഷ്കരിച്ചതു്. അമേരിക്കയ്ക്കെതിരെ സോവിയററ് യൂണിയൻ പ്രയോഗിച്ചേക്കാവുന്ന അണുബോംബുകളെ, അവ വായുമണ്ഡലം വിട്ടു് ബാഹ്യാന്തരീക്ഷത്തിലേക്കു് ഉയരുന്ന സന്ദർഭത്തിൽ, വീണ്ടും വായുമണ്ഡലത്തിലേക്കു് പ്രവേശിക്കുംമുമ്പു്, 'ലേസർ' എന്ന മാരകരശ്മികളോ മററു് അത്യന്താധുനിക—ആയുധങ്ങളോ ഉപയോഗിച്ചു് നശിപ്പിക്കുകയാണു് ഈ പരിപാടിയുടെ ലക്ഷ്യം. ബാഹ്യാന്തരീക്ഷത്തിലൂടെ ഭൂമിക്കു ചുററും നിയതമായ ഒരു ഭ്രമണപഥത്തിൽ സ്പേസ് സ്റ്റേഷനുകൾ സ്ഥാപിച്ചു്, അവയിലായിരിക്കും ലേസർ രശ്മികൾ ഉല്പാദിപ്പിക്കുന്ന ഉപകരണങ്ങളും മററും വിന്യസിക്കുക. പ്രകാശവേഗത്തിൽ സഞ്ചരിക്കുന്ന ലേസർ ആയുധങ്ങൾക്കു് ശബ്ദാധികവേഗത്തിൽ സഞ്ചരിക്കുന്ന ഭൂഖണ്ഡാന്തര മിസ്സൈലുകളെ, അവയിൽനിന്നു് വിസർജിക്കപ്പെടുന്ന ചൂട നിമിത്തം ഏതാനും സെക്കൻഡുകൾക്കകം കണ്ടുപിടിക്കാനും നശിപ്പിക്കാനും സാധിക്കേണ്ടതാണു്. തുടക്കത്തിൽ എണ്ണൂറു കോടി ഡോളറാണു് നക്ഷത്രയുദ്ധ ഗവേഷണം സംബന്ധിച്ച പ്രാരംഭപ്രവർത്തനങ്ങൾക്കു് അമേരിക്ക വകയിരുത്തിയിരുന്നതു്. പദ്ധതി നടപ്പിലായിക്കഴിയുമ്പോൾ, അതിന്റെ ചെലവു് മുപ്പതിനായിരംകോടി ഡോളറിലെത്തുമെന്നു് അന്നേ കണക്കാക്കിയിരുന്നു.

ഒരു പ്രതിരോധ തന്ത്രമെന്ന നിലയിലാണു് ആവിഷ്കരിക്കപ്പെട്ടതെങ്കിലും നക്ഷത്രയുദ്ധം ഒരു ആക്രമണതന്ത്രമായി മാറിക്കൂടായ്കയില്ല. ഭൂമിയിൽ ഏതു ഭാഗത്തുള്ള ഏതു ലക്ഷ്യവും നക്ഷത്രയുദ്ധത്തിലൂടെ നിമിഷത്തിനകം നശിപ്പിക്കപ്പെടാം. അതിനാൽ അമേരിക്കയുടെ നക്ഷത്രയുദ്ധ പരിപാടിക്കു് റഷ്യ തുടക്കത്തിലേ എതിരായിരുന്നു. റഷ്യയുടെ എതിർപ്പ

വകവയ്ക്കാതെ അമേരിക്ക നക്ഷത്രയുദ്ധഗവേഷണവുമായി മുന്നോട്ടുപോവുകയും അന്തരീക്ഷത്തിൽവെച്ച് അണുബോംബുകളെ നശിപ്പിക്കാൻ കഴിവുള്ള ലേസർ ഉപകരണങ്ങൾ പരീക്ഷിച്ചു ഫലം കാണുകയുംചെയ്തു. അപ്പോൾ സോവിയററ് യൂണിയനും സ്വന്തമായ ഒരു നക്ഷത്രയുദ്ധപരിപാടിയെപ്പററി ചിന്തിക്കേണ്ടിവന്നു. റഷ്യയുടെ നക്ഷത്രയുദ്ധ സംവിധാനം തയ്യാറാകുന്നതിന് എത്രയോമുമ്പ് അമേരിക്കൻ നക്ഷത്രയുദ്ധ സംവിധാനം അന്തരീക്ഷത്തിൽ സ്ഥാപിക്കപ്പെട്ടേക്കാമെന്നും റഷ്യൻ നക്ഷത്രയുദ്ധോപകരണങ്ങളെക്കാൾ എത്രയോ അധികം സൂക്ഷ്മതയും സംഹാരശക്തിയും അമേരിക്കൻ നക്ഷത്രയുദ്ധോപകരണങ്ങൾക്ക് ഉണ്ടായേക്കാമെന്നും സോവിയററ് യൂണിയന് ആശങ്കയുണ്ടായിരുന്നു. മാത്രമല്ല, ജനതയുടെ ജീവിതസൗഖ്യം വർദ്ധിപ്പിക്കാൻ ചെലവഴിക്കേണ്ട ദുർലഭ വിഭവങ്ങൾ സംഹാരോപകരണങ്ങൾ നിർമിച്ചു കുന്നുകൂട്ടുന്നതിനായി ചെലവഴിക്കുന്നതിലും സോവിയററ് നേതാക്കൾ വിമുഖരായിരുന്നു. പക്ഷേ, സൈനികകാര്യങ്ങളിൽ, മുമ്പേ ഗമിച്ചീടിന രാഷ്ട്രത്തിന്റെ പിമ്പേ ഗമിക്കുകയേ, സാധാരണ നിലയിൽ ഏതു രാഷ്ട്രത്തിനും കരണീയമായിട്ടുള്ളു. അതിനാൽ സോവിയററ് യൂണിയനും സ്വന്തമായ നക്ഷത്രയുദ്ധഗവേഷണമാരംഭിച്ചു; ഈ രംഗത്ത് ബഹുദൂരം മുന്നോട്ടുപോവുകയുംചെയ്തു. ഈ രണ്ടു രാഷ്ട്രങ്ങളെ ഒഴിച്ചുനിർത്തിയാൽ ഭൂമിയിലെ മറെറാരു രാഷ്ട്രത്തിനും ഇത്തരമൊരു ഭ്രാന്തൻ പരിപാടി നടപ്പിലാക്കാനാവശ്യമായ വിഭവശേഷിയോ ശാസ്ത്ര—സാങ്കേതിക വിജ്ഞാനമോ ഇന്നില്ല. അതിനാൽ, മറെറാരു രാഷ്ട്രവും ഇത്തരം പരിപാടികൾ ഇന്നോളം ആവിഷ്കരിച്ചിട്ടുമില്ല.

നക്ഷത്രയുദ്ധപരിപാടി പ്രായോഗികമല്ലെന്ന് അമേരിക്കൻ സൈനികനേതാക്കൾക്ക് ഇപ്പോൾ ബോദ്ധ്യമായിരിക്കുന്നുവത്രെ. സോവിയററ് യൂണിയനിൽനിന്ന് അമേരിക്കയിലേക്കു തൊടുത്തുവിട്ടേക്കാവുന്ന ഭൂഖണ്ഡാന്തര മിസ്സൈലുകളിൽ നൂറിന് മുപ്പതെണ്ണത്തെ നശിപ്പിക്കാനേ എത്ര വിപുലമായ രീതിയിൽ ആസൂത്രണംചെയ്യപ്പെട്ടതായാലും, അമേരിക്കൻ നക്ഷത്രയുദ്ധ സംവിധാനത്തിനു സാദ്ധ്യമാവുകയുള്ളു എന്ന് ഉറപ്പായതിനാൽ, അമേരിക്കൻ യുദ്ധകാര്യാലയം (പെൻറഗൺ) നക്ഷത്രയുദ്ധപരിപാടി ഉപേക്ഷിച്ചുകഴിഞ്ഞിരിക്കുകയാണെന്ന് ഒരു രഹസ്യരേഖയിൽനിന്നു വെളിവായിട്ടുണ്ട്. റഷ്യയിൽനിന്നു വിക്ഷേപിക്കുന്ന ഭൂഖണ്ഡാന്തര മിസ്സൈലുകളിൽ നൂറിന് എഴുപതും എന്തായാലും അമേരിക്കയിൽ വീഴുമെങ്കിൽ, അമേരിക്കയിൽ പിന്നെ സസ്യ—ജന്തു—ജീവിതം വളരെയൊന്നും ബാക്കിയുണ്ടാവില്ല; മനുഷ്യരുടെ കഥ പറയുകയും വേണ്ട. പരാജയപ്പെടുമെന്ന് ഉറപ്പായ ഒരു പ്രതിരോധ പരിപാടി എന്തിന് മുന്നോട്ടു കൊണ്ടുപോകണം? ഇതിനകം നക്ഷത്രയുദ്ധ പരിപാടി സംബന്ധിച്ച ഗവേഷണങ്ങൾക്കായി അമേരിക്ക ആയിരത്തിയിരുനൂറു കോടി ഡോളർ ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. കൂടുതൽ പണം വൃഥാവ്യയംചെയ്യേണ്ട ആവശ്യമെന്ത്?

അമേരിക്കയിലെയും സോവിയററ് റഷ്യയിലെയും ശാസ്ത്രജ്ഞന്മാർ ഈ പരിപാടിയുടെ പരാജയം മുമ്പേ പ്രവചിച്ചിരുന്നതാണ്. ശത്രുരാജ്യം നശിപ്പിക്കാൻ ഭൂഖണ്ഡാന്തരമിസ്സൈലുകൾ പ്രയോഗിക്കുമ്പോൾ ആരും മുന്നറിയിപ്പ് കൊടുക്കാൻ മിനക്കെടുകയില്ല. പറന്നുവരുന്ന മിസ്സൈലുകൾക്കിടയിൽ അണുബോംബുകളുള്ളവയോടൊപ്പം കപടമിസ്സൈലുകളും (ഡീകോയ്) ഉണ്ടാവും. ഇവയെ വർജിച്ച്, ശരിക്കും ആപൽക്കാരികളായ മിസ്സൈലുകളെ തിരഞ്ഞു കണ്ടെത്തുക സാദ്ധ്യമല്ല. മാത്രമല്ല, ലക്ഷ്യമായ ഏതാനും സെക്കൻഡുകൾക്കുള്ളിൽ വേണ്ടത്ര സംഹാരശക്തിയുള്ള ലേസർ രശ്മികൾ ഉല്പാദിപ്പിച്ച്, അവ ഉപയോഗപ്പെടുത്തി, ഭീമവേഗത്തിൽ പാഞ്ഞുവരുന്ന അണുബോംബുകൾ നശിപ്പിക്കാൻ അത്യധികം സങ്കീർണമായ ഒരു കമ്പ്യൂട്ടർ സംവിധാനം ആവശ്യമായിവരും. ഇത്തരം കമ്പ്യൂട്ടർസംവിധാനങ്ങൾ മനുഷ്യനിയന്ത്രണത്തിന് അതീതങ്ങളായിരിക്കാനാണ് സാദ്ധ്യത. ഈ സംവിധാനം

മുൻകൂട്ടി പരീക്ഷിച്ച് ഫലം അറിയുക സാദ്ധ്യമല്ല; യുദ്ധമുണ്ടായാൽ അപ്പോഴേ ഇതു പ്രയോഗിക്കാനാവൂ. അതിനാൽ നക്ഷത്രയുദ്ധസംവിധാനത്തിന്റെ വിജയം നിശ്ചിതമാക്കാനും കഴിയുകയില്ല.

മുൻകൂട്ടി തീരുമാനിച്ച കാലാവധിക്കകം നക്ഷത്രയുദ്ധസംവിധാനം ബാഹ്യാന്തരീക്ഷത്തിൽ സ്ഥാപിക്കുവാനുള്ള കഴിവ് അമേരിക്കക്കു കൈവന്നിട്ടില്ലെന്ന് സോവിയററ് യൂനിയനിൽനിന്ന്. ചില റിപ്പോർട്ടുകൾ ഈയിടെ പുറത്തുവന്നിരുന്നു ഇവയെ തുടർന്നാണ് പെന്റഗണിന്റെ രഹസ്യ റിപ്പോർട്ടിനെപ്പററിയുള്ള വിവരങ്ങൾ ഇപ്പോൾ അമേരിക്കൻ പത്രങ്ങളിൽ വന്നിട്ടുള്ളത്. ഈ വിവരം സത്യമാണെന്ന ധാരണയാണ് പൊതുവേയുള്ളത്. സോവിയററ് യൂനിയനും ഇപ്പോൾ തങ്ങളുടെ നക്ഷത്രയുദ്ധ–പ്രതിരോധ–ഗവേഷണ പരിപാടി ഉപേക്ഷിച്ച മട്ടാണ്.

നക്ഷത്രയുദ്ധവ്യാമോഹം അവസാനിച്ചാൽ, അമേരിക്കയും സോവിയററ് യൂനിയനും പിന്നെ ചെയ്യാനുള്ളത്, പരസ്പരം പല ആവൃത്തി നശിപ്പിക്കാൻ കഴിവുള്ള അണ്വായുധങ്ങളും അവ ലക്ഷ്യത്തിൽ വിക്ഷേപിക്കുന്നതിനുള്ള ഉപകരണങ്ങളും സൂക്ഷിച്ചുവെച്ച്, ഇന്നത്തെ സംഹാരഭീഷണിയുടേതായ കാലാവസ്ഥ ലോകത്തിലാകെ തുടർന്നും നിലനിർത്തുകയോ കൂടിയാലോചനകളിലൂടെ ഒത്തുതീർപ്പിലെത്തി ഈ ആയുധങ്ങളെ പടിപടിയായി കുറച്ചുകൊണ്ടുവരികയോ രണ്ടിലൊന്നാണ്. ഈ രണ്ടാമത്തെ വികല്പം നിലവിൽ വരുത്താനാണ് സോവിയററ് കമ്യൂണിസ്റ്റ് പാർട്ടി നേതാവ് ഗോർബച്ചേവ് ഏതാനും വർഷങ്ങളായി ഊർജിത പരിശ്രമം നടത്തിവരുന്നത്. സോവിയററ് റഷ്യയെ സമാധാനമാർഗത്തിലേക്ക് തിരിച്ചുവിടുന്നത് തങ്ങളുടെ അണു–ആയുധ–സന്നദ്ധത ആണെന്നും അതിനാൽ അണുആയുധങ്ങളുടെ പരീക്ഷണവും നിർമാണവും വിന്യസനവും നിറുത്തിവെച്ചുകൂടെന്നുമാണ് അമേരിക്കയിലെ യുദ്ധക്കൊതിയന്മാരുടെ നിലപാട്. ഇവർക്കാണുതാനും ഇന്നത്തെ അമേരിക്കയിൽ നിർണായകമായ രാഷ്ട്രീയസ്വാധീനം ഉള്ളത്. തങ്ങൾ നശിക്കുമെന്ന് ഉറപ്പായാലും രണ്ടാമതൊരടി അടിച്ച് ശത്രുവിനെക്കൂടി നശിപ്പിക്കാനുള്ള കഴിവു സംഭരിച്ചുവെക്കണമെന്ന ചിന്താഗതി അമേരിക്കയോ റഷ്യയോ ഇനിയും കൈവിട്ടിട്ടില്ല. അതിനാൽ, സമാധാനരംഗത്ത് ത്വരിത പുരോഗതി നാം പ്രതീക്ഷിക്കേണ്ടതില്ല. എങ്കിലും നക്ഷത്രയുദ്ധമെന്ന വ്യാമോഹത്തിൽനിന്ന് വൻശക്തികൾ എന്നന്നേക്കുമായി വിമുക്തങ്ങളായാൽ, അതിൽ നമുക്ക് സന്തോഷിക്കാൻ ഒട്ടേറെ വകയുണ്ട്. ഈ കാര്യത്തിന് വൃഥാ വ്യയംചെയ്യപ്പെടുന്ന അപരിമിതമായ വിഭവരാശിയിൽ ഒരു പങ്കെങ്കിലും, അതതു രാഷ്ട്രങ്ങളിലെ സാമാന്യജനങ്ങളുടെ ജീവിതസൗഖ്യം വർദ്ധിപ്പിക്കാനായി ചെലവഴിക്കപ്പെടുമല്ലോ.

(10 ഏപ്രിൽ, 1988)

## 2. ജോർജ് ബുഷിന്റെ അമേരിക്ക

സമകാല ലോകത്തിൽ ഏററവുമധികം അധികാരവും ഏററവുമധികം ഉത്തരവാദിത്തവുമുള്ള ഉദ്യോഗം എന്നു കരുതപ്പെടുന്ന അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡണ്ട് സ്ഥാനത്തേക്ക് 1988 നവംബർ എട്ടാം തീയതി ജോർജ് ബുഷ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. 1981 മുതൽ പ്രസിഡണ്ട് സ്ഥാനം വഹിക്കുന്ന റൊണാൾഡ് റേയ്ഗന്റെ വൈസ്പ്രസിഡണ്ടായി അനുഷ്ഠിച്ച വിശ്വസ്തസേവനമാണ് ബുഷിനു ഈ പദവി നേടിക്കൊടുത്തത്. തിരഞ്ഞെടുപ്പിൽ വിജയിച്ചതിൽ തനിക്ക് റേയ്ഗനോടുള്ള ആധമർണ്യം ബുഷ് സ്പഷ്ടമായി